# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്
## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂൺ 16, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ – 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |

### കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

*151 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ആയതിന്റെ പ്രവർത്തനംമൂലം കെ.എസ്.ആർ.ടി.സി.ക്ക് എന്തൊക്കെ പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.ക്ക് വായ്പ നല്കുന്നതിനുള്ള ഈടായി ഏതൊക്കെ വസ്തുവകകൾ കെ.ടി.ഡി.എഫ്..സി.ക്ക് പണയപ്പെടുത്തിയിട്ടുണ്ട്; അതിന്റെ യഥാർത്ഥമൂല്യം എത്ര വരുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>അവശ്യ സേവനങ്ങൾ പി. പി. പി. വഴിയാക്കാനുള്ള നീക്കം</u>

*152 ശ്രീ. എസ്. രാജേന്ദ്രൻ
,, എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് അവശ്യസേവനവും സംരക്ഷണവും നല്കുന്ന സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിലായിരിക്കണമെന്ന നിലപാടുണ്ടോ;

(ബി) ഇവ സ്വകാര്യ മേഖലയിലേക്ക് വിട്ടു കിട്ടുന്നതിനുള്ള കടുത്ത സമ്മർദ്ദ തന്ത്രങ്ങൾ നടക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കീഴ്പ്പെടാതിരിക്കാൻ ജാഗ്രത പുലർത്തുമോ;

(സി) പൊതുവിതരണവും വെള്ളവും വൈദ്യുതിയും ഉൾപ്പെടെയുള്ള പല സേവനങ്ങളും പശ്ചാത്തല സൗകര്യങ്ങളും പി. പി. പി. വഴി സ്വകാര്യമേഖലയ്ക്ക് നൽകാനുള്ള നീക്കത്തിൽ നിന്നും പിന്തിരിയുമോ;

(ഡി) ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം സേവനങ്ങളുമായി ബന്ധപ്പെട്ട മേഖലകൾ പൊതു-സ്വകാര്യ പങ്കാളിത്ത (പി. പി. പി) ത്തിൽ വിട്ടുകൊടുക്കാനായിരുന്നു സർക്കാർ ഉദ്ദേശിച്ചിരുന്നത്?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ കൗൺസിലിംഗ് സെന്റർ</u>

*153 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് സംവിധാനം നടപ്പാക്കിയ സംസ്ഥാനമെന്ന നിലയ്ക്ക് എല്ലാ പോലീസ് സ്റ്റേഷനുകളിലും കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷൻ വഴി കൗൺസിലിംഗ് വിജയകരമായി നടപ്പാക്കിയ പ്രദേശങ്ങളിൽ ആത്മഹത്യ, വിവാഹമോചന കേസുകൾ എന്നിവ കുറയുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള സൗകര്യങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

ട്രക്കിംഗ് ടൂറിസം

*154 ശ്രീ. കെ. അച്ചുതൻ
,, എം.പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഞ്ചാരികളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി വനമേഖലകളിൽ ട്രക്കിംഗ് ടൂറിസം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) വനസംരക്ഷണ സമിതിയുടെ പ്രവർത്തനം ഇതിനായി കൂടുതൽ കാര്യക്ഷമമാക്കുമോ;

(സി) വനത്തെ സംരക്ഷിക്കുവാനും അത്യന്താധുനിക ക്യാമറകൾ ഉപയോഗിച്ച് ട്രക്കിംഗ് സഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉള്ള നടപടികൾ ഇതിൽ ഉൾപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം</u>

*155 ശ്രീ. പി. ഉബൈദുള്ള
,, പി.കെ. ബഷീർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള നിയമനം പൂർണ്ണമായും പി.എസ്.സി യ്ക്കു വിടുന്നതിനുള്ള നയ തീരുമാനം എടുത്തിട്ടും അക്കാര്യത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രയെണ്ണത്തിൽ നിയമനം ഇപ്പോൾ പി.എസ്.സി വഴി നടക്കുന്നുവെന്നും ഏതെല്ലാം സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ ഇനി പി.എസ്.സി യ്ക്ക് വിടാനുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തേക്കുള്ള സ്പിരിറ്റ് കള്ളക്കടത്ത്</u>

*156 ശ്രീ. ഇ. പി. ജയരാജന്‍
'' സാജു പോള്‍
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്യസംസ്ഥാനങ്ങളില്‍ നിന്ന് സംസ്ഥാനത്തേക്ക് വ്യാപകമായ സ്പിരിറ്റിന്റെ കള്ളക്കടത്ത് നടന്നുവരുന്നതായുള്ള റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ബാറുകള്‍ അടഞ്ഞുകിടക്കുന്ന അവസരവും എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നിഷ്ക്രിയത്വവും മുതലെടുത്ത് സ്പിരിറ്റ് കടത്തുന്നവരെക്കുറിച്ച് അന്വേഷിക്കാമോ;

(സി) സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യവും തടയാന്‍ നിലവിലുള്ള സംവിധാനങ്ങള്‍ നിഷ്ക്രിയമാണോ; കാരണം പരിശോധിച്ചിട്ടുണ്ടോ; എക്സൈസ് ഇന്റലിജന്‍സ് വിഭാഗം ശക്തിപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ;

(ഡി) 2014-ല്‍ സ്പിരിറ്റ് കള്ളക്കടത്ത് നടത്തിയതിന്മേല്‍ എക്സൈസ് അധികൃതര്‍ കേസെടുക്കുകയുണ്ടായിട്ടുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവളം - ദേശീയ ഹരിത ട്രൈബ്യൂണൽ വിധിയെത്തുടർന്നുള്ള സാഹചര്യം</u>

*157 ശ്രീ. എ.എം. ആരിഫ്
,, എം.എ. ബേബി
,, പി.കെ. ഗുരുദാസൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിന് നൽകിയ അനുമതി റദ്ദാക്കിക്കൊണ്ടുള്ള ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തയ്യാറാകുമോ;

(ബി) പദ്ധതി പ്രദേശത്ത് ഒരു തരത്തിലുള്ള പ്രവർത്തനവും നടക്കുന്നില്ലെന്നുറപ്പാക്കിയിട്ടുണ്ടോ;

(സി) ഈ കേസിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്തായിരുന്നു; അവ കോടതി തള്ളിക്കളഞ്ഞിട്ടുണ്ടോ; കെ.ജി.എസ് ഗ്രൂപ്പിനോടൊപ്പം അപ്പീൽ പോകാൻ ഉദ്ദേശമുണ്ടോ;

(ഡി) എയർപോർട്ട് നിർമ്മാണവുമായി ഇനിയും സഹകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ചെക്കു പോസ്റ്റുകളിലെ വിജിലൻസ് റെയ്ഡ്</u>

*158 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ചെക്ക് പോസ്റ്റുകളിൽ ഈ വർഷം പോലീസ് വിജിലൻസ് വിഭാഗം റെയിഡുകൾ നടത്തുകയുണ്ടായോ; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) റെയിഡുകളിലൂടെ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ക്രമക്കേടുകളുടെ പേരിൽ എന്തെങ്കിലും ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിൽ ഇ–ഓഫീസ് സംവിധാനം</u>

*159 ശ്രീ. ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഇ–ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് മനസ്സിലാകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരൊക്കെയാണ്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കൽ</u>

*160 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, സി. കൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളുവ്യവസായം തകർച്ചയിലായതിനാൽ ഈ രംഗത്തെ തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ തൊഴിൽ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; ലൈസൻസിൽ പോകാത്ത കള്ളുഷോപ്പുകൾ എത്രയാണ്; ഈ രംഗത്തെ തൊഴിലാളികൾ എത്രയായിരുന്നു;

(ബി) കള്ളു വ്യവസായ വികസനത്തിന് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 16.06.2014–ലെ മറുപടിക്ക്

<u>സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സംവിധാനം</u>

*161 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമിത വേഗത്തിലും അലക്ഷ്യമായും വാഹനം ഓടിക്കുന്നവരെ പിടികൂടാനുള്ള സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസുതുത സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇപ്രകാരം കണ്ടെത്തുന്ന വാഹന ഉടമകളിൽ നിന്ന് പിഴ ഈടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ നിരക്ക് കുറയ്ക്കാൻ പുതിയ സംവിധാനം എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>സുതാര്യഭരണം</u>

*162 ശ്രീ. ജി. സുധാകരൻ
,, കെ. വി. വിജയദാസ്
,, പുരുഷൻ കടലുണ്ടി
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണസംവിധാനങ്ങൾ സുതാര്യവും അഴിമതിരഹിതവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു: പരിഗണനയിലുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സുതാര്യ ഭരണം ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ ആപ്പീസിൽ വെബ്ക്യാമറ സ്ഥാപിച്ചതും തൽസമയം സംപ്രേഷണം ചെയ്തും നടത്തിയ പരീക്ഷണങ്ങൾ ഫലപ്രദമായിരുന്നുവോ;

(സി) മന്ത്രിമാരുടെ ആപ്പീസുകളിൽ ഇവ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ; വിസമ്മതിച്ച മന്ത്രിമാർ ആരൊക്കെ;

(ഡി) ഭരണരംഗത്തെ അഴിമതി തടയാൻ അഴിമതിക്കാരെ സർവ്വീസിൽ നിന്നും മാറ്റി നിർത്താൻ നടപടി സ്വീകരിക്കാമോ ; ഇതിനായി സംസ്ഥാന വിജിലൻസ് സംവിധാനത്തിന് സ്വാതന്ത്ര്യം നൽകാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>കേരളത്തിൽ കപ്പൽനിർമ്മാണ കേന്ദ്രം</u>

*163 ശ്രീ. മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം ഉണ്ടായിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങളാണ് ഇതിനു വേണ്ടി പരിഗണിക്കപ്പെട്ടത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച സാധ്യതാ പഠനം നടത്തിയ കൊച്ചിൻ കപ്പൽ നിർമ്മാണശാലയുടെ ശുപാർശ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; ശുപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ സാരാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.06.2014–ലെ മറുപടിക്ക്

**സേവനാവകാശ നിയമം– ഡെലിഗേഷൻ ഓഫ് പവേഴ്സ് നൽകാതിരിക്കുന്നത്**

*164 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, വി. ശിവൻകുട്ടി.
,, ആർ. രാജേഷ്
,, ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നിലവിൽ വന്നിട്ടും പൗരാവകാശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് സർക്കാർ ആഫീസിൽ നിന്നുള്ള സേവനങ്ങൾ നേടിയെടുക്കുന്നതിന് നേരിടേണ്ടിവരുന്ന പ്രയാസങ്ങൾക്ക് ഇപ്പോഴും കുറവ് ഉണ്ടായിട്ടില്ലെന്നറിയാമോ; യഥാസമയം തീരുമാനം എടുക്കാത്ത വകുപ്പുകളിൽ ഇപ്പോൾ കെട്ടിക്കിടക്കുന്ന അപേക്ഷകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ;

(സി) സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി തീരുമാനം എടുക്കാതിരുന്ന കേസുകളിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ജനങ്ങൾ പരാതി പറയാൻ പോലും മടിക്കുന്ന അവസ്ഥയാണിപ്പോൾ നിലനിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉടൻ തീരുമാനം കൈക്കൊള്ളുന്നതിന് സാധ്യമാകും വിധം 'ഡെലിഗേഷൻ ഓഫ് പവ്വേഴ്സ്' നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം</u>

*165 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസ്സുകൾ അന്വേഷിക്കാൻ ആഭ്യന്തര സുരക്ഷാ അന്വേഷണം എന്ന പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടി ഏതു ഘട്ടംവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇന്റേണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരിക്കുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട് ലോക്കൽ പോലീസ് നടത്തുന്ന അന്വേഷണം തൃപ്തികരമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

മാരിടൈം ബോര്‍ഡ്

*166 ശ്രീ. കെ. മുരളീധരന്‍
,, കെ. അച്ചുതന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാരിടൈം ബോര്‍ഡ് സ്ഥാപിക്കാന്‍ എന്തെല്ലാം ശ്രമങ്ങള്‍ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബോര്‍ഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) മത്സ്യ മേഖല വേണ്ടവിധത്തില്‍ പ്രയോജനപ്പെടുത്തുവാന്‍ എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പ്രത്യേക പദ്ധതി'

*167 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ലക്ഷ്യം നടപ്പാക്കാൻ ജില്ലാടിസ്ഥാനത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്; ആയത് ഫലപ്രദമാണോ; വ്യക്തമാക്കുമോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>മൊബൈൽ ഫോൺ ടവറുകൾ</u>

*168 ശ്രീ. റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ ടവറുകളുടെ സമീപസ്ഥരായ ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമോ എന്നത് സംബന്ധിച്ച് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പഠന ഫലം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മറയൂർ മേഖലയിലെ ചന്ദനക്കൊള്ള</u>

*169 ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു. റ്റി. തോമസ്
ശ്രീ. സി.കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറയൂർ മേഖലയിൽ വൻതോതിലുള്ള ചന്ദനക്കൊള്ള നടക്കുന്നതായ മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സ്വിം ഇൻ സർവൈവ് പദ്ധതി</u>

*170 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സ്വിം ഇൻ സർവൈവ് പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സ്വരക്ഷയ്ക്കായി വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>അബ്കാരി കേസ്സുകളുടെ വര്‍ദ്ധന തടയുന്നതിന് നടപടി</u>

*171 ശ്രീ. ജി. എസ്. ജയലാല്‍
,, പി. തിലോത്തമന്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം അബ്കാരി കേസ്സുകളുടെ എണ്ണം ക്രമാതീതമായി വര്‍ദ്ധിച്ചുവരുന്നുണ്ടോ; എങ്കില്‍ ഇത്തരത്തില്‍ കേസ്സുകളുടെ എണ്ണം വര്‍ദ്ധിക്കാനിടയായതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്പിരിറ്റ് കടത്ത്, അനധികൃത മദ്യ വില്പന തുടങ്ങി ഏതെല്ലാം ഇനങ്ങളിലുള്ള കേസ്സുകളാണ് വര്‍ദ്ധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം കേസ്സുകള്‍ ഫലപ്രദമായി തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 16.06.2014–ലെ മറുപടിക്ക്

വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ പദ്ധതി

*172 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. എ. ബേബി
,, വി. ശിവൻകുട്ടി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ പദ്ധതി പ്രവർത്തനം അനന്തമായി നീണ്ടു പോകുന്നതിനുള്ള മുഖ്യകാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ബി) പാരിസ്ഥിതികാനുമതി അന്തിമമായി ലഭിച്ചിട്ടുണ്ടോ; പദ്ധതി വിഭാവനം ചെയ്തിരുന്ന ആദ്യഘട്ടത്തിൽ കണക്കാക്കിയതിലും എത്ര ശതമാനം തുക പദ്ധതിക്കായി ഇപ്പോൾ അധിക ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ; പദ്ധതിയുടെ മാസ്റ്റർ പ്ലാനിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പദ്ധതിക്കുള്ള പണസമാഹരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

മത്സ്യബന്ധനയാനങ്ങൾ കപ്പലുകളുമായി കൂട്ടിയിടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടപടി

*173 ശ്രീ. സി. മോയിൻകുട്ടി
,, എം. ഉമ്മർ
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള തീരത്തുനിന്നും മത്സ്യബന്ധനത്തിനു കടലിൽ പോകുന്ന വള്ളങ്ങളും ബോട്ടുകളും കപ്പലുകളുമായി കൂട്ടിയിടിച്ചുണ്ടാകുന്ന അപകടങ്ങൾ ആവർത്തിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ;

(ബി) ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) അവിചാരിതമായി ഇത്തരം അപകടങ്ങളിൽ പെടുന്ന മത്സ്യബന്ധനയാനങ്ങളിലുള്ളവർക്ക് അടിയന്തിര സഹായം എത്തിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സംയോജിത മത്സ്യഗ്രാമവികസന പദ്ധതി</u>

*174 ശ്രീ. വര്‍ക്കല കഹാര്‍
,, വി. ഡി. സതീശന്‍
,, സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംയോജിത മത്സ്യഗ്രാമവികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എത്ര മത്സ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി മത്സ്യത്തൊഴിലാളികള്‍ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>ജനമൈത്രി എക്സൈസ് പദ്ധതിയുടെ രൂപീകരണം</u>

*175 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കാമോ;

(സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുവാനും എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

വ്യാജവാറ്റും സ്പിരിറ്റ് കടത്തും തടയാൻ നടപടി

*176 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കെ. നാരായണൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലയിടങ്ങളിലും വ്യാജവാറ്റ് സജീവമായിരിക്കുന്നതും സ്പിരിറ്റിന്റെ ഒഴുക്ക് വർദ്ധിച്ചിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ ഫലപ്രദമായി തടയാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കേരള–തമിഴ്നാട് അതിർത്തിയിലെ പതിവ് ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെയും നൂതന മാർഗ്ഗങ്ങളിലൂടെയുമുള്ള സ്പിരിറ്റ് കടത്ത് നിരീക്ഷിക്കാനും തടയാനും നടപടി സ്വീകരിക്കാമോ;

(ഡി) സ്പിരിറ്റ് മാഫിയ സജീവമായിട്ടും എക്സൈസ് വകുപ്പ് ഉണർന്ന് പ്രവർത്തിക്കാതിരിക്കുന്നത് പരസ്പര ധാരണകളാലാണെന്ന ആക്ഷേപം കണക്കിലെടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധന കാലയളവിലെ മുൻകരുതൽ നടപടികൾ</u>

*177 ശ്രീ. കെ. എം. ഷാജി
,, സി. മമ്മൂട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ട്രോളർ തൊഴിലാളികളും തമ്മിൽ സംഘർഷമുണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ കാലത്ത് മത്സ്യങ്ങളുടെ പ്രജനനവർദ്ധന ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ജയിൽ വരുമാനം</u>

*178 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ജയിൽ വരുമാനത്തിൽ നാളിതുവരെ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വരുമാന വർദ്ധനവിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

വന്യമൃഗശല്യം തടയുന്നതിനുള്ള പദ്ധതികൾ

*179 ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാട്ടാന ഉൾപ്പെടെയുള്ള, വന്യമൃഗശല്യം തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ: ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) എലിഫന്റ് സ്ക്വാഡ്, റാപ്പിഡ് റെസ്പോൺസ് ടീം എന്നിവ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ഘടനയും പ്രവർത്തന ലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വന്യമൃഗങ്ങളെ വനത്തിനുള്ളിൽതന്നെ നിലനിർത്തേണ്ട ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കാൻ നടപടി</u>

*180 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന രംഗത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനതൊഴിലാളികളെ നിരീക്ഷിക്കുന്നതിനും, അവരുടെ തിരിച്ചറിയൽ രേഖകൾ നിർബന്ധമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ;

(സി) മയക്കുമരുന്നുകൾ ഇവർ മുഖേന കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന വാർത്തകളുടെ നിജസ്ഥിതി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 7.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]